# പൂവ്വ മരത്തണലിൽ - പൂക്കൾക്കൊരിടം

## പൂവച്ചലിന്റെ പ്രാദേശിക ചരിത്രം




**ഗവ.വി.എച്ച്.എസ്.എസ്,വീരണകാവിലെ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ തയ്യാറാക്കിയ പ്രാദേശികചരിത്രരചനയുടെ ക്രോഡീകരണം**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 3 |
| 2 | പ്രദേശത്തിന്റെ സ്ഥാനം | 3 |
| 3 | അതിർത്തി | 3 |
| 4 | ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ | 4-5 |
| 5 | കാലാവസ്ഥ | 5 |
| 6 | സ്ഥലനാമ ചരിത്രം | 5-6 |
| 7 | ഉപകരണങ്ങൾ | 6-7 |
| 8 | ജാതി വിഭാഗങ്ങൾ | 8 |
| 9 | പഴഞ്ചൊല്ലുകൾ | 9 |
| 10 | കടംകഥകൾ | 10 |
| 11 | വാമൊഴി പാട്ടുകൾ | 10 |
| 12 | വാമൊഴി കഥകൾ | 11 |
| 13 | ഭാഷാപ്രയോഗങ്ങൾ | 11-12 |
| 14 | ജനജീവിതം അന്നും ഇന്നും | 12-13 |
| 15 | ചരിത്ര നായകന്മാർ | 14-16 |
| 16 | ചരിത്രസംഭവങ്ങൾ | 16-17 |
| 17 | ചരിത്രസ്മാരകം | 18 |
| 18 | സാമൂഹ്യ സംഘടനകളും സംഭാവനകളും | 18 |
| 19 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 19 |
| 20 | സമകാലീന ചരിത്രം | 20 |
| 21 | കൃഷി | 21-25 |
| 22 | പ്രാദേശിക ഭക്ഷണ രീതികൾ | 25-26 |
| 23 | ആചാരങ്ങളും അനുഷ്ഠാനങ്ങളും | 26-28 |
| 24 | ജനജീവിതം | 29-30 |
| 25 | കൈത്തൊഴിലുകൾ | 31 |
| 26 | ഉപസംഹാരം | 32-33 |
| 27 | വിവരശേഖരണം, അനുബന്ധം | 33 |

## ആമുഖം

ഒരു രാജ്യത്തിന്റെ നിലനിൽപ്പ് ഗ്രാമങ്ങളിലാണ് എന്നതുപോലെ ഒരു രാജ്യത്തിന്റെ ചരിത്രവും യഥാർത്ഥത്തിൽ ആരംഭിക്കേണ്ടത് ഗ്രാമങ്ങളിൽ നിന്നാണ്. നിർഭാഗ്യവശാൽ എഴുതപ്പെട്ട ചരിത്ര പുസ്തകങ്ങൾ പ്രധാനമായും ഉൾക്കൊള്ളുന്നത് രാജ്യത്തിന്റെ പൊതു ചരിത്രത്തെ ആണ്. ഗ്രാമങ്ങളുടെയും മറ്റു പ്രദേശങ്ങളുടെയും സൂക്ഷ്മമായ പഠനം നടത്തി യഥാർത്ഥ ചരിത്രരചന നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഇതിന്റെ ഭാഗമായി പൂവച്ചൽ പ്രദേശത്തിന്റെ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ ചരിത്രവഴികളിലൂടെ ഒരു അന്വേഷണം നടത്തി പൂവച്ചലിന്റെ പ്രാദേശികചരിത്ര രചന നടത്തുകയാണ് ഇതിന്റെ ലക്ഷ്യം."പൂവ്വ " വൃക്ഷത്തിന്റെ നാടായും രണ്ട് നാട്ടുരാജ്യങ്ങളെ ബന്ധിപ്പിക്കുന്ന കച്ചവട പാതയിലെ "പൂവച്ച് " വിശ്രമിക്കുന്നതിന്റെയും നാടായും കരുതപ്പെടുന്ന പൂവച്ചലിന്റെ ചരിത്രവഴികളിൽ പൂക്കളുടെ സൗരഭ്യം നിറഞ്ഞുനിൽക്കുന്ന ഒരു ഏടിന്റെ പുനർ നിർമ്മിതിയാണ് ഈ പ്രാദേശിക ചരിത്ര രചന.

പ്രദേശത്തിന്റെ സ്ഥാനം

## പ്രദേശത്തിന്റെ അക്ഷാംശീയ രേഖാംശീയ സ്ഥാനം

പൂവച്ചൽ സ്ഥിതിചെയ്യുന്നത് 8 ഡിഗ്രി അക്ഷാംശത്തിനും 77 ഡിഗ്രി രേഖാംശത്തിനും ഇടയിലാണ് .8.535096,77.083700 ആണ് പൂവച്ചലിന്റെ ഏകദേശ അക്ഷാംശീയ സ്ഥാനം.

## അതിർത്തി

കാട്ടാക്കട താലൂക്കിലെ ഒരു പ്രധാന പ്രദേശമായ പൂവച്ചലിന്റെ സ്ഥാനം കാട്ടാക്കട താലൂക്കിനോട് ചേർന്നാണ്. വടക്ക് വെള്ളനാട് പഞ്ചായത്തും, വടക്ക് പടിഞ്ഞാറ് ആര്യനാട് പഞ്ചായത്തും, വടക്ക്

കിഴക്ക് കുറ്റിച്ചൽ പഞ്ചായത്തും, കിഴക്ക് കള്ളിക്കാട് പഞ്ചായത്തും, നെയ്യാർ നദിയും തെക്ക് കാട്ടാക്കട പഞ്ചായത്തും, പടിഞ്ഞാറ് വിളപ്പിൽ അരുവിക്കര എന്നീ പഞ്ചായത്തുകളുമാണ് പൂവച്ചലിന്റെ അതിരുകൾ.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

മലനാട്,ഇടനാട്, തീരപ്രദേശം,എന്നിങ്ങനെ പൂവച്ചലിന്റെ ഭൂപ്രകൃതിയെ മൂന്നായി തരം തിരിക്കാം. കിഴക്ക് പശ്ചിമഘട്ടത്തിൽ തുടങ്ങി പടിഞ്ഞാറ് ദേശീയപാത 47 ന് തൊട്ടുമുമ്പ് അവസാനിക്കുന്ന പൂവച്ചലിൽ മലനാടും, ഇടനാടും,മാത്രമേ ഉൾപ്പെടുന്നുള്ളൂ. അമ്പൂരി, കള്ളിക്കാട,കുറ്റിച്ചൽ, പഞ്ചായത്തുകൾ മലനാട്ടിലും മറ്റു പഞ്ചായത്തുകൾ ഇടനാട്ടിലുമാണ്. മലകളും, കുന്നുകളും, ഉയർന്ന സമതലം, ചരിവ് പ്രദേശം, താഴ്വരകൾ, എന്നിവ ഉൾപ്പെട്ടതാണ്. കാട്ടാക്കട താലൂക്കിലെ ഭൂപ്രദേശം പൂവച്ചലിന്റെ ഭൂരിഭാഗ പ്രദേശങ്ങളും ഇടനാട്ടിൽ ആണ്.

കുന്നുകളും, ചരിവുകളും, സമതലങ്ങളും,ഇടകലർന്ന ഇവിടെ ചരൽ നിറഞ്ഞ മണൽ മണ്ണും,എക്കൽ മണ്ണും,ആണ് അധികവും കാണപ്പെടുന്നത്. പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശം നാടുകാണിയും താഴ്ന്ന പ്രദേശം വീരണകാവുമാണ്.
പഞ്ചായത്തിലാകെ 3037 ഹെക്ടർ കൃഷിഭൂമി ആണുള്ളത്. ഇതിൽ 150 ഹെക്ടർ നിലവും 2845 ഹെക്ടർ പുരയിടവും 42 ഹെക്ടർ തരിശുഭൂമി യുമാണ്. മുഖ്യകൃഷി തെങ്ങാണ് ഏതാണ്ട് 1564 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷി ഉണ്ട്. രണ്ടാംസ്ഥാനം മരച്ചീനി ( 500 ഹെക്ടർ ), മൂന്നാം സ്ഥാനം റബ്ബറു ( 435 ഹെക്ടർ)മാണ്.150 ഹെക്ടർ നിലം ഉണ്ടെങ്കിലും കഷ്ടിച്ചു 20 ശതമാനം പ്രദേശത്ത് മാത്രമേ നെൽകൃഷി യുള്ളൂ. പഞ്ചായത്തിൽ നാടുകാണിയും, കിഴക്കൻമലയും, ഉൾപ്പെടെ പതിനാലോളം കുന്നുകൾ ഉണ്ട്. കുന്നിൻ ചരിവുകളിൽ റബ്ബറും, കശുമാവും, മരച്ചീനിയും, ആണ് മുഖ്യകൃഷി. നെയ്യാറും, നെയ്യാർ കനാലും, പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിനു പുറമേ നിരവധി കിണറുകളും, കുളങ്ങളും, നീരുറവകളും, തോടുകളും, ഉണ്ടെങ്കിലും കൃഷി മഴയെ ആശ്രയിച്ച് തന്നെ. 5 കിലോമീറ്റർ വരെ ദൈർഘ്യമുള്ള 25 ലേറെ തോടുകൾ പഞ്ചായത്തിലുണ്ട്. ഇതിൽ

പുളിങ്കോട്,മൈലോട്ടുമൂഴി തോടും, ആണ്ടൂർകോണം  കാർത്തികപ്പറമ്പ് തോടു മാണ് പ്രധാനം.

ഉയർന്ന ലാറ്ററൈറ്റ് സമതലങ്ങളിൽ മണ്ണില്ലാത്ത ഭാഗവും നേരിയ മൺപാളിയുള്ള ഭാഗവുമാണ്. ചെറിയ ചരിവും,ഇടത്തരം ചരിവും, കുത്തനെയുള്ള ചരിവും, ഉൾപ്പെട്ടതാണ് ചരിവു പ്രദേശം. മണൽ കലർന്ന പശിമരാശി മണ്ണ്,ചരൽ കലർന്ന മണൽമണ്ണ്, എക്കൽമണ്ണ്,കരിമണ്ണ് പാറ പൊടിഞ്ഞ മണലും വെട്ടുകല്ലും ചേർന്ന മണ്ണ് എന്നിങ്ങനെ വൈവിധ്യമാർന്ന മണ്ണാണ് ഈ മേഖലയിൽ കാണപ്പെടുന്നത്.

## കാലാവസ്ഥ

പൂവച്ചലിൽ മിതമായ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ജൂൺ-ജൂലൈ മാസങ്ങളിലെ ഇടവപ്പാതിയും( തെക്കുപടിഞ്ഞാറൻ മൺസൂൺ ), തുടർന്നുള്ള തുലാവർഷം  ( വടക്കു കിഴക്കൻ മൺസൂൺ ), ഈ പ്രദേശത്ത് കൃത്യമായി ലഭിക്കുന്നുണ്ട്. മിതമായ ചൂടും മിതമായ തണുപ്പും കാരണം ജനജീവിതം സുഖകരമാണ്. വർഷത്തിന്റെ മൂന്നിലൊന്ന് ദിവസവും മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഇവിടെയുണ്ട്. ഇവിടത്തെ ശരാശരി വാർഷിക മഴ ദിനങ്ങൾ 122 ആണ്. ശരാശരി വർഷപാതം 2288.61ml 20 ഡിഗ്രി മുതൽ 30 ഡിഗ്രി സെൽഷ്യസ് വരെയാണ് അന്തരീക്ഷ ഊഷ്മാവ്. ശരാശരി വാർഷിക താപനില 26.53 ഡിഗ്രിയാണ്. ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിലാണ് അന്തരീക്ഷ ഊഷ്മാവ് കൂടുന്നത്. ജൂൺ മുതൽ നവംബർ വരെയാണ് ചൂട് കുറഞ്ഞ കാലം. ശരാശരി വാർഷിക ആപേക്ഷിക ആർദ്രത 85.86 ആണ്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് സൂര്യപ്രകാശം കൂടുതൽ പതിക്കുന്നത്. ഈ മാസങ്ങളിൽ ശരാശരി 7 മുതൽ 9 മണിക്കൂർ വരെ സൂര്യരശ്മികൾ നേരിട്ട് പതിക്കുന്നു. ഈ പ്രദേശത്തെ കാറ്റിന്റെ വേഗത 6 മുതൽ 13 കിലോമീറ്റർ വരെയാണ്. മെയ് മുതൽ സെപ്റ്റംബർ വരെയുള്ള കാലത്താണ് കാറ്റിന്റെ വേഗത വർദ്ധിക്കുന്നത്.

എന്നാൽ കാലാവസ്ഥ വ്യത്യായനം പൂവച്ചലിനെയും വളരെയധികം ബാധിച്ചിട്ടുണ്ട്. ചുഴലിക്കാറ്റുകളും, കൊടുങ്കാറ്റുകളും, കാലംതെറ്റിപ്പെയ്യുന്ന മഴയും,പ്രതീക്ഷിക്കാത്ത വരൾച്ചയും.

## സ്ഥലനാമചരിത്രം

പ്രാദേശിക ചരിത്ര രചനയിൽ ഒഴിവാക്കാനാവാത്ത ഘടകമാണ് സ്ഥലനാമചരിത്രം. ഓരോ സ്ഥലനാമമായ ആ പ്രദേശത്തിന്റെ ചരിത്രമോ, പരിസ്ഥിതിയോ, പ്രകൃതിയോ, ഭൂസ്ഥിതി യോ,സാമൂഹ്യഘടനയോ, വിശ്വാസമോ,ഉൾക്കൊള്ളുന്നത് ആയിരിക്കാം. ഒരു സ്ഥലത്തിന്റെ പേരിൽ പ്രത്യക്ഷമായ തെളിവുകളോ, പരോക്ഷമായ സൂചനകളോ, ഉണ്ടാകാം. കാലങ്ങൾകഴിയുന്നതനുസരിച്ചു പേരിന് പലതരത്തിൽ രൂപമാറ്റം സംഭവിച്ചിരിക്കാം. എന്നിരുന്നാലും ഒരു പ്രദേശത്തിന്റെ പേര് അതിന്റെ ചരിത്രത്തിലേക്കുള്ള വഴിവിളക്കാണ്.

പൂവച്ചൽ എന്ന സ്ഥലനാമം ആ പ്രദേശത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നു. കൂടുതലും ഇടനാട്ടിൽ ഉൾപ്പെട്ട ഈ പ്രദേശം മലനാടിനെയും തീരപ്രദേശത്തെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു എന്നത്. "പൂവച്ചൽ " എന്ന പേരിൽ നിന്ന് വ്യക്തമാണ് വനത്തിൽ നിന്നും ശേഖരിക്കുന്ന പൂജാപുഷ്പങ്ങൾ കൊട്ടാരത്തിൽ എത്തിക്കുന്നവർക്ക് വഴിയിൽ "പൂവച്ച് " വിശ്രമിക്കാൻ ഒരുക്കിയ ഇടം "പൂവച്ചൽ" ആയി മാറി എന്നാണ് സ്ഥലനാമ പഠനം നടത്തുന്നവരുടെ അഭിപ്രായം .

കുറ്റിച്ചൽ, ആമച്ചൽ,ഊരച്ചൽ, പള്ളിച്ചൽ എന്നിങ്ങനെ "ചാൽ " സാമാന്യ വാചിയായ് വരുന്ന സ്ഥലനാമങ്ങൾ കാട്ടാക്കടയിൽ നിരവധിയുണ്ട്.
വെള്ളമൊഴുകാറുള്ളതോ നീരൊഴുക്കിന്റെ സാമീപ്യമുള്ളതോ ആയ ചരിഞ്ഞ പ്രദേശമെന്നാണ് "ചാൽ" എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. പൂവച്ചൽ എന്ന സ്ഥലനാമത്തിൽ വിശേഷ വാചിയായി വരുന്ന "പൂവ്വ" വൃക്ഷനാമമാണ് അയണി മൂട്ടിൽ ശാസ്താവിനെ പൂർവ്വ സ്ഥാനം പൂവ്വ മരച്ചവട്ടിലായിരുന്നു. പൂവ്വ വൃക്ഷത്തിന്റെ സവിശേഷത കൈ വന്നതും അടയാളമായും അങ്ങനെയാണ്.

## ഉപകരണങ്ങൾ

## മുറം

അരി, പയർവർഗങ്ങൾ തുടങ്ങിയ ഭക്ഷണ സാധനങ്ങളിലെ മാലിന്യങ്ങൾ കളഞ്ഞു വൃത്തിയാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. വടക്കേ മലബാറിൽ ഇതിനെ "തട്ടുപ്പ "എന്നും പറയും.

## ഉരൽ

വീട്ടുകളിൽ അരി, മഞ്ഞൾ,മല്ലി,മുളക്, എന്നിവ ഇടിച്ച് പൊടിയാക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന ഉപകരണം ആണ് ഉരൽ. ഉലക്ക എന്ന ദണ്ട് ഉപയോഗിച്ചാണ് ഉരലിലെ ധാന്യങ്ങളും മറ്റും ഇടിക്കുന്നത്. പ്രാചീന മനുഷ്യർ ഉരൽ ഏറ്റവും ആദ്യം ഉപയോഗിച്ചത് ഭക്ഷ്യവസ്തുക്കൾ പൊടിച്ചെടുക്കാൻ ആയിരിക്കണം. പാറപ്പുറത്തോ ഉറപ്പുള്ള മണ്ണിലോ ഉണ്ടാക്കിയിരുന്ന കുഴികളായിരുന്നിരിക്കും അവ,ഉറപ്പുള്ള ഗൃഹ നിർമാണം തുടങ്ങുന്നതോടെ വീട്ടിനുള്ളിലോ പുറത്തോ യഥേഷ്ടം മാറ്റിവയ്ക്കാവുന്ന ഇന്നത്തെ രൂപത്തിലുള്ള ഉരലുകൾ രൂപം കൊണ്ടു ആദ്യകാലത്ത് കരിങ്കല്ല് കൊണ്ട് തന്നെയായിരുന്നു ഉരൽ നിർമ്മിച്ചിരുന്നത്. മരം കൊണ്ടുള്ള ഉരലും പ്രചാരത്തിലുണ്ടായിരുന്നു.

## ഓട്ടുരുളി

കേരളത്തിലെ വീടുകളിൽ പാചകത്തിനുപയോഗിക്കുന്ന ഒരു പാത്രമാണ് ഉരുളി. വ്യവസായികാടിസ്ഥാനത്തിൽ ഹോട്ടലുകളിലും സദ്യകളിലും മറ്റും ഉപയോഗിക്കുന്ന ഉരുളികൾക്ക് അര മീറ്റർ മുതൽ ഒന്നര മീറ്റർ വരെ വ്യാസം ഉണ്ടാകാറുണ്ട്. വീടുകളിൽ പൊതുവേ ഇതിന്റെ ചെറിയ വലിപ്പമുള്ളതാണ് കണ്ടുവരുന്നത്. വട്ടത്തിൽ അകന്ന് അൽപം കുഴിയുള്ള രീതിയിലുള്ളതാണ് ഈ പാത്രങ്ങൾ.

## കിണ്ണം

അടുക്കളയിൽ അരി കഴുകാനും ഭക്ഷണം കഴിക്കാൻ ഉപയോഗിക്കുന്ന പാത്രം ആണ് കിണ്ണം. അരികുകൾ മടങ്ങി മുകളിലോട്ട് ഉയർന്നതും അടിഭാഗം പരന്നതും വൃത്താകൃതിയിൽ ഉള്ളതുമായ പാത്രമാണ് കിണ്ണം. ഓട് ഉപയോഗിച്ച് നിർമ്മിക്കുന്ന കിണ്ണത്തിൽ ആണ് കേരളീയർ ഒരു കാലത്ത് ഭക്ഷണം കഴിച്ചിരുന്നത്. പല വലുപ്പത്തിൽ കിണ്ണങ്ങൾ ഓരോ വീട്ടിലും കാണപ്പെട്ടിരുന്നു. കുഴി കിണ്ണം,ചേമ്പലങ്ങാടൻ കിണ്ണം,എന്നിങ്ങനെ പലതരം കിണ്ണങ്ങളുണ്ട്.

## ജാതി വിഭാഗങ്ങൾ

ഒരു ദേശത്തിന്റെ ചരിത്രം തീർച്ചയായും അവിടത്തെ ജീവിതത്തിന്റെ ചരിത്രമാണ്. ജീവിതമാകട്ടെ പരസ്പര ബന്ധത്താൽ ഇഴചേർന്ന് കിടക്കുന്ന കൂട്ടായ്മയുടെ കഥയും.

### നായർ

സംഘകാലത്ത് കാർഷിക വിളകളെയും വളർത്തു കാലികളെയും ഒക്കെ സംരക്ഷിക്കാനായി രൂപംകൊണ്ട കാവലാളുകളിൽനിന്ന് ആകണം നായരുടെ ഉത്ഭവം. പതിനൊന്നാം നൂറ്റാണ്ടിൽ ആണ് ആദ്യമായി നായരെ പറ്റി ഉള്ള പരാമർശം പുരാ രേഖകളിൽ കാണുന്നത്.അക്കാലത്ത് നായർ രണ്ടു വിഭാഗം ഉണ്ടായിരുന്നു അകത്തു ചാർന്നവരും പുറത്തു ചാർന്നവരും. അകത്ത് ചാർന്നവൻ അടിയാനെന്നും പുറത്ത് ചാർന്നവൻ ഭടന്മാർ എന്നും അറിയപ്പെട്ടു.

### വാര്യർ

ഇവർ മരുമക്കത്തായ ക്കാരായിരുന്നു. പുരുഷനെ വാര്യർ എന്നും സ്ത്രീകളെ വാരസ്യാർ എന്നും ഭവനത്തെ വാര്യം എന്നും വിളിച്ചിരുന്നു. അടിച്ചു തളി,മാലകെട്ട്, വിളക്കെടുപ്പ്, എന്നിവയാണ് കുലത്തൊഴിൽ. ഓടനാട് വാര്യർ, തെക്കുംകൂർ വാരിയർ,പഠിപ്പുര വാര്യർ, എന്ന് തുടങ്ങിയ 8 ഉപവിഭാഗങ്ങൾ വാരിയർ വിഭാഗത്തിലുണ്ട്.

## നാടാർ

1924 ൽ ആണ് "ചാന്നാർ "എന്ന ജാതി നാമം ഔദ്യോഗികമായി "നാടാർ "ആയി മാറിയത്. പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ശിവകാശി,മൈലാടി, നെയ്യൂർ,വിരുതുനഗർ, പ്രദേശങ്ങളിൽനിന്ന് നെയ്യാർ തീരത്ത് നാടാർ കുടിയേറ്റം ശക്തമായി.

## പഴഞ്ചൊല്ലുകൾ

1. "തിരുവായ്ക്കെതിർവായി ല്ല "
അധികാരം ഉള്ളവരുടെ വാക്കുകൾക്ക് എതിർ വാക്കില്ല
2. " ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറയ്ക്കും".

മുൻ അനുഭവം ഏത് പ്രവർത്തിക്കും ഒരു മുൻകരുതലാണ്.
3. " കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ".

സ്വീകരിക്കാനും ഉപേക്ഷിക്കാനും കഴിയാത്ത അവസ്ഥ.
4. " നിലാവത്തഴിച്ചു വിട്ട കോഴിയെ പോലെ ".

സ്ഥലകാലബോധമില്ലാതെ

5. " വായറിയാതെ പറഞ്ഞാൽ
ചെവിയ റിയാതെ കൊള്ളും ".

വാക്കുകൾ സൂക്ഷിച്ചു ഉപയോഗിക്കുക.

## കടങ്കഥകൾ

1. ഞെട്ടില്ലാ വട്ടയില?

പപ്പടം

2. മുറ്റത്തെ ചെപ്പിനടപ്പില്ല?

കിണർ

3. ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട?

കടുക്

4. അകത്ത് രോമം പുറത്തിറച്ചി?

മൂക്ക്

5. ആയിരം പറ അവളിൽ ഒരുനുള്ള് കൊട്ടത്തേങ്ങ?

ചന്ദ്രക്കല

6. ആയിരം കിളികൾക്ക് ഒറ്റ കൊക്ക്?

വാഴക്കുല

7. കണ്ടാൽ ഒരു വണ്ടി, തൊട്ടാൽ ഒരു ചക്രം?

തേരട്ട

8. കുത്തുന്ന കാളക്ക് പിന്നിൽ കണ്ണ്?

സൂചി

## വാമൊഴി പാട്ടുകൾ

പൊണ്ണൻപോത്ത് വാഴ തിന്നു.

ആ അരിവാളെവിടെപോയെടീ
മധുരക്കോടി പൊന്നമ്മേ?

ആ
അരിവാളല്ലേ ഇന്നലെ നെല്ല് കൊയ്യാൻ പോയത്.
ആ നെല്ല് എവിടെ പോയെടി
മധുരക്കോടി പൊന്നമ്മേ?
ആ നെല്ല് അല്ലേ ഇന്നലെ ഉമി കളഞ്ഞു വച്ചത്.
ആ ഉമി എന്ത് ചെയ്തു ടി
മധുരക്കോടി പൊന്നമ്മേ?
ആ ഉമിയല്ലേ ഇന്നലെ വാഴചോട്ടിൽ വിതറിയത്
ആ വാഴ എന്തു ചെയ്തുടി മധുരക്കോടി പൊന്നമ്മേ?
ആ വാഴ അല്ലേ ഇന്നലെ പൊണ്ണൻപോത്ത് തിന്നത്?

## വാമൊഴി കഥകൾ

പിന്റു പിരാനയും ചൂണ്ടയിൽ ആയി.

കണ്ണിൽ ചോരയില്ലാത്ത മത്സ്യം ആയിരുന്നു പിന്റു പിരാന. കൂട്ടത്തിലെ സാധുക്കളായ മീനുകളെ അവൻ തന്റെ ക്രൂർത്ത പല്ലുകൾ ഉപയോഗിച്ച് ഒരു കാരണവുമില്ലാതെ മുറിവേൽപ്പിച്ചു രസിക്കുക പതിവായിരുന്നു.ആരും അവനോട് എതിർത്ത് സംസാരിക്കാൻ പോലും ധൈര്യം കാണിച്ചിരുന്നില്ല അങ്ങനെയിരിക്കെ ഒരു ദിവസം പിന്റു ചൂണ്ടയിൽ കുരുങ്ങിപ്പോയി. എത്ര ശ്രമിച്ചിട്ടും അവനത് പൊട്ടിക്കുവാൻ കഴിഞ്ഞില്ല. അതുവഴി പോയ പലരോടും സഹായത്തിനായി കേണെങ്കിലും പേടിച്ചിട്ട് ആരും അവന്റെ അടുത്ത് പോകാൻ കൂട്ടാക്കിയില്ല. ഒടുവിൽ അവന്റെ അരികിലൂടെ മെല്ലെമെല്ലേ പോയ ഒരു വയസ്സൻ ഞണ്ടിന് അവനോട് ദയ തോന്നി. ഞണ്ട് അപ്പൂപ്പൻ അവന്റെ അടുത്ത് പോയി ബലമുള്ള ആ ചൂണ്ട വേഗം തന്നെ പൊട്ടിച്ച് പിന്റുവിനെ സ്വതന്ത്രനാക്കി. ഈ സംഭവം പിന്റുവിനെ ആകപ്പാടെ ഉലച്ചുകളഞ്ഞു. പിന്നീട് ഒരിക്കലും അവൻ ആരെയും ഉപദ്രവിച്ചിട്ടില്ലായെന്നു മാത്രമല്ല എല്ലാവരോടും വളരെ സ്നേഹത്തിൽ പെരുമാറാനും തുടങ്ങി.

## ഭാഷാപ്രയോഗങ്ങൾ

ഭാഷ മനുഷ്യരെ മറ്റ് ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമാക്കി തീർക്കുന്ന ഒരു സവിശേഷ പ്രതിഭാസമാണ്.

പണ്ടുകാലത്ത് ഭാഷയിൽ ഉണ്ടായ മാറ്റം.

1. " ഒരുപാട് " എന്ന വാക്ക് പണ്ട്
" ഒരു ഭാഗത്ത് " എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്.
2. "എന്തോന്ന് " എന്ന വാക്ക് പണ്ടുകാലത്ത് "എന്തര് " എന്ന പ്രയോഗത്തിൽ ഉപയോഗിച്ചിരുന്നു.
3. "മൺവെട്ടി "എന്ന വാക്ക് പണ്ട് " നമ്മാട്ടി"എന്നാണ് പറഞ്ഞിരുന്നത്.
4. " ചൂൽ" എന്ന വാക്ക് പണ്ട് "തുറപ്പ " എന്നാണ് പറഞ്ഞിരുന്നത്.
5. "അശ " എന്ന വാക്ക് പഴമക്കാർ "അയ"എന്ന് പറഞ്ഞിരുന്നു.
6. "സഹോദര"മാരെ പണ്ടുകാലത്ത് " അക്കൻ " എന്നാണ് വിളിച്ചിരുന്നത്.

## ശൈലികൾ

ഓരോ ഭാഷയ്ക്കും തനതായ ശൈലികളും പ്രയോഗങ്ങളുമുണ്ട്. ഭാഷയുടെ സമ്പത്താണവ. ഭാഷാശൈലിയിൽ ഇന്ന് വലിയ മാറ്റങ്ങളുണ്ട്. വർത്തമാനപത്രങ്ങളുടെ വരവോടെ പദഘടന ഏതാണ്ട് ഏകീക്രിതമായി. പഴയ ശൈലിയും പദവ്യത്യാസങ്ങളും മനസ്സിലാക്കാൻ അവയവ നാമവും രോഗ നാമവും.മാത്രം വിശകലനം ചെയ്യുന്നു .

1. അലകും പിടിയും മാറ്റുക

മുഴുവൻ മാറ്റുക

2. അക്കരപ്പച്ച

അകലെയുള്ളതിനെപ്പറ്റിയുള്ള ഭ്രമം.

3. അങ്ങാടിപ്പാട്ട്

പരസ്യം

4. അഞ്ചാം പത്തി

ഒറ്റിക്കൊടുക്കുവാൻ സഹായിക്കുന്നവൻ

5. അടിയോടെ

മുഴുവൻ

6. അമരക്കാരൻ

മാർഗദർശകൻ

## ജനജീവിതം അന്നും ഇന്നും

### 1. കെട്ടിടം

പണ്ടുകാലത്ത് ഓലയും പനയോലയും കൊണ്ടുള്ള കുടിലുകൾ ആയിരുന്നു കൂടുതലായും കാണപ്പെട്ടിരുന്നത്. ചാണകവും കരിയും കൊണ്ടുമെഴുകിയ തറയായിരുന്നു. സമ്പന്നരുടെ വീടുകളിൽ മാത്രം മുട്ടത്തോടും കരിയും കൊണ്ടുള്ള തറയായിരുന്നു.

ഇപ്പോൾ ടെറസ്സ്, ഷീറ്റ്  എന്നിങ്ങനെയുള്ള കെട്ടിടങ്ങളായിരുന്നു കൂടുതൽ.സിമന്റും, ടൈലും ,.ഉള്ള തറകളാണ്.

## 2. കുടിവെള്ളം

പണ്ടുകാലത്ത് നീരുറ വകളെയും,കുളങ്ങളെയും, പുഴകളെയും,തോടുകളെയും, അരുവികളെയും, ആയിരുന്നു കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. അന്നത്തെ കാലത്ത് ജനങ്ങൾ മൈലുകൾ താണ്ടി ആയിരുന്നു കുടിവെള്ളം ശേഖരിക്കാൻ പോയിരുന്നത്.

ഇപ്പോഴത്തെ കാലത്ത് ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയും, പൈപ്പുകളെയുമാണ് ആശ്രയിക്കുന്നത്. അതിനാൽ ജനങ്ങൾക്ക്  കുടിവെള്ളത്തിനായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. അതുകൊണ്ടുതന്നെ പണ്ടുകാലത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കാനോ നിലനിർത്താനോ ആരും ശ്രമിക്കുന്നില്ല.

## 3.  ഭക്ഷണം

അന്നും ഇന്നും അരി തന്നെയാണ് മുഖ്യാഹാരം. പണ്ട് കാലത്ത് പഴങ്കഞ്ഞിയും മരച്ചീനിയും ആയിരുന്നു അവരുടെ പ്രധാനാഹാരം. ഇത് കഴിച്ചായിരുന്നു
അവർ വിശപ്പകറ്റിയിരുന്നത്.
ഇപ്പോഴത്തെ കാലത്ത് പല രീതിയിലുള്ള ഭക്ഷണസാധനങ്ങളാണ് കഴിക്കാൻ ഉപയോഗിക്കുന്നത്.

## 4. രോഗം

പണ്ട് കാലത്ത് എന്തെങ്കിലും അസുഖങ്ങൾ വന്നാൽ നാട്ടുവൈദ്യൻ സഹായത്തോടുകൂടി പച്ചിലമരുന്നുകളും നാട്ടുചികിത്സയോടു കൂടി രോഗങ്ങൾ മാറ്റിയിരുന്നു.
ഇപ്പോഴത്തെ കാലത്ത് ജനങ്ങൾ ആയുർവേദചികിത്സയിൽ നിന്നും അലോപതി യിലേക്ക് മാറിക്കഴിഞ്ഞു. എന്ത് രോഗം വന്നാലും ആശുപത്രിയിലെ ചികിത്സയെ ആശ്രയിക്കുന്നു.

## 5. വസ്ത്രധാരണം

പണ്ടുകാലത്ത് സ്ത്രീകൾ മുണ്ടും നേരിയതുമായിരുന്നു ധരിച്ചിരുന്നത്.പുരുഷൻമ്മാർ മുണ്ടും തോർത്തുമാണ് ധരിച്ചിരുന്നത്.
ഇപ്പോഴത്തെ കാലത്ത് സ്ത്രീകളും പുരുഷന്മാരും മോഡേൺ വസ്ത്രങ്ങളാണ് ധരിക്കുന്നത്.

## ചരിത്ര നായകന്മാർ

ഒരു പ്രദേശം പ്രശസ്തമാകുന്നത് അതിലെ ജനങ്ങളിലൂടെ ആണ്. പൂവച്ചലിന്റെ യശസ്സുയർത്തിയ വ്യക്തികൾ ചരിത്രത്തിലെ സവിശേഷമായ സാന്നിധ്യങ്ങൾ ആണ്. പാരമ്പര്യവുമായി ബന്ധപ്പെട്ട കേരളീയ കലകൾ ഒരു സംസ്കൃതിയുടെ തെളിവുകളാണ്. പൂവച്ചലിൽ ഇങ്ങനെയുള്ള അനേകം കലാകാരന്മാരെ നമുക്ക് കാണാൻ സാധിക്കും. പൂവച്ചൽ വളയിട്ടാശാന്റെ റിട്ടു വീശു കളിയും, പൂവച്ചൽ ഷണ്മുഖ ആശാന്റെ തിരുവാതിര വിദ്യാലയവും, പന്നിയോട് ലാസർ, ആനാകോട് ഗോപാലപിള്ള എന്നിവരുടെ കാക്കാരു കളിയും, പൂവച്ചൽ ആലയിൽ രാമകൃഷ്ണപിള്ളയുടെ ഹരി - കഥ പ്രസ്ഥാനവും, വട്ടകുളം സനൽ ( ചിത്ര ശില്പകല), പൂവച്ചൽ വാസുകാണിയുടെ കമ്പടമ്പ് കളിയും , പൂവച്ചൽ കാവ് മൂലയിൽ ശങ്കരപ്പിള്ളയുടെ പരിചകളിയും, പന്നിയോട് കുഞ്ഞുകുഞ്ഞു ആശാനും ഒക്കെ പൂവച്ചലിന്റെ അറിയപ്പെടാതെപോയ അദ്വിമാന താരങ്ങളാണ്.

കാട്ടാക്കടയുടെ നാടക ചരിത്രം തുടങ്ങുന്നത് 1930 ന് ശേഷമാണ് . കാട്ടാക്കടയിൽ അറിയപ്പെടുന്ന ആദ്യകാല നാടകനടൻ അരുവിക്കര രാജുവാണ്. 1946 ൽ ഇദ്ദേഹം അഭിനയരംഗത്ത് സജീവമായി. തൊട്ടുപിന്നാലെ പൂവച്ചൽ ഭാസ്കരൻനായർ എത്തി. അദ്ദേഹം ഏറെക്കാലം കലാനിലയത്തിൽ നടനായിരുന്നു. 19 55 65 കാലയളവിൽ നാടക രംഗം കൂടുതൽ സജീവമായി. അമച്വർ നാടകരംഗവും, പ്രൊഫഷണൽ നാടക രംഗവും, ഈ കാലയളവിൽ അഭിവൃദ്ധിപ്പെട്ടു. പൂവച്ചൽ, കുറ്റിച്ചൽ, കള്ളിക്കാട്, പ്രദേശങ്ങളിൽ

അമച്വർ നാടക സമിതികൾ രൂപംകൊണ്ടു. കുന്നിൽ തങ്കപ്പൻ നായർ, ജെ എം കട്ടക്കോട്, സയറസ്, പൂവച്ചൽ ബഷീർ, കാര്യയോട് ജോൺസൺ, മലയൻകീഴ് വാസുദേവൻ നായർ, കേശവൻനായർ, പി.ബാലകൃഷ്ണൻ, തെക്കേമഠം ബാലകൃഷ്ണൻ നായർ, തുടങ്ങിയ കലാകാരന്മാരായിരുന്നു ഇതിനുപിന്നിൽ.

പൂവച്ചൽ ബഷീർ, ജോയി നന്ദാവനം, അമ്പൂരി ശ്രീറാം, എന്നിവർ സംവിധാന രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. ഇവർക്കെല്ലാം പുറമേ നാടകത്തിന്റെ അണിയറയിൽ പ്രവർത്തിച്ച ഒട്ടേറെ കലാകാരന്മാരുടെ നാടു കൂടിയാണ് പൂവച്ചൽ.

## പൂവച്ചൽ സിതി

1987 ന മാർച്ച് 3 പൂവച്ചലിൽ ജനിച്ചു. ചെറുപ്പം മുതൽ മുസ്ലിം ലീഗിന്റെ സജീവ പ്രവർത്തകനായിരുന്നു. ജില്ലാ ട്രഷറർ,ജില്ലാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ലീഗ് സംസ്ഥാന കമ്മിറ്റി അംഗമാണ്. പൂവച്ചൽ പഞ്ചായത്ത് ഭരണസമിതിയിൽ 15 വർഷം അംഗമായിരുന്നു. ആലമുക്ക്,ക്ഷീരസംഘം പ്രസിഡന്റ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ,ജില്ലാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## പൂവച്ചൽ ഖാദർ

പ്രശസ്ത ചലച്ചിത്ര ഗാന രചയിതാവ് പൂവച്ചൽ ഖാദർ 1948 ന് ഡിസംബർ 25 ന് പൂവച്ചലിൽ ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ആകാശവാണിയിൽ ലളിത ഗാനങ്ങൾ എഴുതി. 1973 ലാണ് ചലച്ചിത്ര രംഗത്ത് എത്തുന്നത്. 'കാറ്റു വിതച്ചവൻ 'ആണ് ആദ്യചിത്രം. എന്നാൽ ആദ്യം റിലീസ് ചെയ്തത് 'ചുഴി' എന്ന ചിത്രമാണ്. എം എസ് ബാബുരാജ് ആയിരുന്നു ചുഴിയുടെ സംഗീതസംവിധായകൻ. ദേവരാജൻ, കെ. രാഘവൻ ഇളയരാജ, രവീന്ദ്രൻ,ജോൺസൺ,എ. ടി.ഉമ്മർ, ശ്യാം, എം.കെ അർജ്ജുനൻ, എം.ജി. രാധാകൃഷ്ണൻ, എന്ന് തുടങ്ങി മിക്ക സംഗീത സംവിധായകർക്കൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. തൊള്ളായിരത്തോളം

ഗാനങ്ങളെഴുതി. കേരള സംഗീത നാടക അക്കാദമി അവാർഡ്, പി ഭാസ്കരൻ പുരസ്കാരം, ഫിലിം ക്രിട്ടിക്സ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### എസ്.ജലീൽ മുഹമ്മദ്

1949 ഏപ്രിൽ 9 ന് പൂവച്ചലിൽ ജനിച്ചു. പിതാവ് എം.ശക്കീർ മാതാവ് ഐഷാബീവി. അഭിഭാഷകനാണ്. കെ എസ് യു വിലൂടെ രാഷ്ട്രീയ രംഗത്തെത്തി. കെ എസ് യു വിന്റെ യും യൂത്ത് കോൺഗ്രസിന്റെ യും സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. ഡി. സി. സി നിർവാഹക സമിതി അംഗമാണ്. രാജീവ് ഗാന്ധി റൂറൽ ഡെവലപ്മെന്റ് സെന്റർ ചെയർമാൻ, പ്രിയദർശിനി ചാരിറ്റബിൾ ഫൗണ്ടേഷൻ ഡയറക്ടർ, എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

## ചരിത്രസംഭവങ്ങൾ

സാമൂഹ്യനീതിക്കും അവകാശങ്ങൾക്കും വേണ്ടി ഒട്ടേറെ പോരാട്ടങ്ങൾ അരങ്ങേറിയ നാടാണ് പൂവച്ചൽ. സാധുജനപരിപാലനസംഘം ആഹ്വാനം ചെയ്ത പണിമുടക്ക് സമരം, മികച്ച ഭൂമി സമരം, കാട്ടാക്കട ആശുപത്രി സമരം,
ആർ കെ വി എസ്റ്റേറ്റ് സമരം, നാടുകാണി തോട്ടം തൊഴിലാളി സമരം, നെട്ടുകാൽത്തേരി സമരം, അമ്പൂരി എസ്റ്റേറ്റ് സമരം, നിരപ്പു കാല സമരം, കോട്ടൂർ ശ്രീകൃഷ്ണ പ്ലാന്റേഷൻ സമരം, കുട്ടപ്പൂ എസ്റ്റേറ്റ് സമരം, കർഷക തൊഴിലാളി കൂലി വർധന സമരം, തൊഴിൽ സമരങ്ങൾ, സംസ്ഥാന വ്യാപകമായി നടന്ന വിമോചന സമരം, 1972 ലെ വിദ്യാഭ്യാസ സമരം,
1973-ലെ എൻ.ജി.ഒ അധ്യാപക സമരം , 1974 വൈദ്യുതി ജീവനക്കാരുടെ സമരം, 1981 ലെ കർഷകത്തൊഴിലാളി സമരം, എന്നിവയെല്ലാം പൂവച്ചലിന്റെ പ്രാതിനിധ്യം ഉണ്ടായിരുന്നു.

### കാട്ടാക്കട താലൂക്ക് സമരം

1972 മുരുകൻ ജി പ്രസിഡന്റും പത്മകുമാർ സെക്രട്ടറിയുമായ കൗൺസിൽ ഫോർ സിറ്റിസൺ ഓഫ് കേരള എന്ന സംഘടന കാട്ടാക്കട താലൂക്ക് രൂപീകരിക്കണമെന്നാവശ്യ മുന്നയിച്ച് ആദ്യമായി സൂചനാ സമരം നടത്തി.

1991 ൽ കർമ്മ സമിതിയുടെ നേതൃത്വത്തിന് മുരുകൻജി വീണ്ടും ഒറ്റയാൾ സമരം ആരംഭിച്ചു. 2007 ൽ പൗരസമിതിയുടെ നേതൃത്വത്തിൽ മുരുകൻജി വീണ്ടും നിരാഹാരസമരം ആരംഭിച്ചു.13 ദിവസം സമരം നീണ്ടുനിന്നു.2014 ൽ ഉമ്മൻചാണ്ടി സർക്കാർ കാട്ടാക്കട താലൂക്ക് പ്രഖ്യാപിച്ചു. ഈ സമരത്തിൽ പൂവച്ചലിലെ ധാരാളം പേർ പങ്കെടുത്തു.

## ചന്ത സമരം

കാട്ടാക്കടയിൽ 1950-കളിൽ കർഷകർ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു അമിതമായ ചന്ത ചുങ്കം. "ഊച്ചാളി ഫീസ്'" നൽകാതെ ചന്തയ്ക്കുള്ളിൽ പ്രവേശനം സാധ്യമായിരുന്നില്ല. കരാറുകാരുടെ കൈ ക്കരുത്തിന് മുന്നിൽ സർക്കാർ സംവിധാനങ്ങൾ അനങ്ങിയില്ല. ഈ പകൽക്കൊള്ളക്കെതിരെ പോരാടാൻ ആദ്യം രംഗത്തിറങ്ങിയത് കമ്മ്യൂണിസ്റ്റുകാരനും പത്രപ്രവർത്തകനുമായ ആർ ബാലകൃഷ്ണപിള്ള യായിരുന്നു.പൂവച്ചലിലെ കർഷകർ ഈ സമരത്തിൽ അണിചേർന്നു.

## ചരിത്രസ്മാരകം

ഒരു പ്രദേശത്തിന്റെ സംസ്കൃതിയുടെ അവശേഷിപ്പുകളാണ് ചരിത്രസ്മാരകങ്ങൾ. പലപ്പോഴും ചരിത്രശേഷിപ്പുകൾ അവഗണിക്കപ്പെടുകയോ മണ്ണറഞ്ഞു പോവുകയോ ചെയ്യാറുണ്ട്. പൂവച്ചലിന്റെ ചരിത്രം ശരിയായ രീതിയിൽ പുനഃസൃഷ്ടിക്കാൻ കഴിയാത്തതിന്റെ ഒരു പ്രധാന കാരണം ചരിത്രശേഷിപ്പുകൾ കണ്ടെത്താനും, പരിരക്ഷിക്കാനും, ശരിയായ രീതിയിൽ കഴിയാത്തതാണ്. ആരാധനാലയങ്ങൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ശിലാഫലകങ്ങൾ, താളിയോലകൾ, തകിടുകൾ, മുതലായവയും പഴയ ചില മനകളിലെ വിവിധതരം ചെമ്പ് പാത്രങ്ങളും,

വെങ്കലപ്രതിമകളും, മറ്റും ചരിത്രത്തിന്റെ ശേഷിപ്പുകളായി ഇന്നും നിലനിൽക്കുന്നുണ്ട്.

തിരുവിതാംകൂർ രാജഭരണത്തിന്റെ അവശേഷിപ്പുകളും പൂവച്ചലിന്റെ
കാർഷിക കച്ചവട സംസ്കാരത്തിന്റെ ശേഷിപ്പുകളുമായ ചുമടുതാങ്ങി സംരക്ഷിക്കപ്പെടുന്ന ചരിത്രസ്മാരകമാണ്. വീരണകാവ് ജംഗ്ഷന് സമീപം പഴയകാല കച്ചവട പാതക്ക് അരികിലായാണ് ചുമടുതാങ്ങിയുടെ
സ്ഥാനം. ചരിത്രത്തോട് പ്രതിപത്തിയുള്ള ഒരു യുവജനതയുടെ ഇടപെടൽ ഈ ചരിത്ര സ്മാരകത്തിനെ സംരക്ഷണമായി നിലകൊള്ളുന്നു.

പൂവച്ചലിലെ നാടുകാണിയിൽ ശിലായുഗത്തിന്റെ അവശേഷിപ്പുകളും മഹാശിലായുഗ സംസ്കാരത്തിലെ നന്നങ്ങാടികളും കണ്ടെത്തിയെങ്കിലും തുടർ പഠനങ്ങൾ നടന്നിട്ടില്ല.

## സാമൂഹ്യ സംഘടനകളും സംഭാവനകളും

സാമൂഹ്യനന്മ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒട്ടേറെ സംഘടനകൾ പൂവച്ചലിലുണ്ട്. സാമുദായിക സന്നദ്ധ സംഘടനകളും കലാകായിക സംഘടനകളും ക്ലബ്ബുകളും എല്ലാം കൂട്ടത്തിൽപ്പെടും.

## സാമുദായിക പ്രസ്ഥാനങ്ങൾ

വെള്ളാള മഹാസഭ വാണിക വൈശ്യ സംഘം, യോഗീശ്വര ക്ഷേമ സമാജം, കേരള നാടാർ മഹാജന സംഘം, അയ്യനവർ മഹാ ജനസംഘം,കേരള പുലയർ മഹാ സംഘം, ചേരമർ സംഘം,നായർ സർവീസ് സൊസൈറ്റി, എസ്.എൻ.ഡി.പി.യോഗം. വൈകുണ്ഠസ്വാമി ധർമ്മ പ്രചാരണസഭ,തുടങ്ങിയ സാമുദായിക പ്രസ്ഥാനങ്ങൾക്കെല്ലാം പൂവച്ചലിൽ വേരോട്ടമുണ്ട്.

## എൻ.എസ്. എസും,എസ്. എൻ ഡി.പി യും

1914 ഒക്ടോബർ 31 ന് മന്നത്ത് പത്മനാഭൻ രൂപീകരിച്ച "ഭൃത്യ ജനസംഘം " എന്ന സംഘടനയാണ് .1915 മുതൽ നായർ സർവീസ് സൊസൈറ്റി എന്ന പേരിൽ അറിയപ്പെട്ടത്. 2015 ൽ എൻ. എസ്.എസിന്റെ പൂവച്ചലിലെ യൂണിയൻ നിലവിൽ വന്നു. പൂവച്ചലിൽ

നിരവധി യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. 1908 മാർച്ച് 28 ന് അരുവിപ്പുറം ശ്രീനാരായണ ധർമ്മപരിപാലനയോഗം രജിസ്റ്റർ ചെയ്തു. എസ്. എൻ.ഡി.പി.ശാഖ കാട്ടാക്കട താലൂക്കിൽ ആദ്യമായി രൂപം കൊണ്ടത് പരുത്തി പള്ളിയിൽ ആണെന്ന് കരുതുന്നു. പൂവച്ചലിൽ 40- ശാഖകളുണ്ട്. പരുത്തിപ്പള്ളി സുരേന്ദ്രൻ, വീരണകാവ് സുരേന്ദ്രൻ, ഉരുട്ടമ്പലം ജയചന്ദ്രൻ, മേലാംകോട് സുധാകരൻ, വിളപ്പിൽ ചന്ദ്രൻ, സുപ്രിയാ സുരേന്ദ്രൻ തുടങ്ങിയവരാണ് താലൂക്കിലെ പ്രധാന യോഗ നേതാക്കൾ.

## സന്നദ്ധ സംഘടനകൾ

കാരുണ്യ പ്രവർത്തനം ലക്ഷ്യമിടുന്ന ഒട്ടേറെ സന്നദ്ധസംഘടനകൾ പൂവച്ചലിലുണ്ട്.ലഹരിവിമുക്ത കേന്ദ്രങ്ങൾ, വൃദ്ധർക്കും അശരണർക്കും മനോരോഗികൾക്കുമുള്ള വാസ സങ്കേതങ്ങൾ, നിരാശ്രയരായ സ്ത്രീകൾക്കുള്ള ആശ്വാസ കേന്ദ്രങ്ങൾ, സൗജന്യ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, സ്വയംതൊഴിൽ സങ്കേതങ്ങൾ, സാക്ഷരതാ കേന്ദ്രങ്ങൾ, എന്നിവയെല്ലാം ഇതിലുൾപ്പെടും. ഹരിജൻ സേവക് സംഘം,ദേശീയ അന്ധനിവാരണ സമിതി, വിജിൽ ഇന്ത്യാ മൂവ്മെന്റ്, സേവാ നികേതൻ തുടങ്ങിയ സംഘടനകൾ ഇവിടെ ഒരു കാലത്ത് മാതൃകാപരമായ സേവനം കാഴ്ച വച്ച സന്നദ്ധ സംഘടനകളാണ്.

## സമകാലീന ചരിത്രം

ഒരു കാലത്ത് കാർഷിക സംസ്കാര കേന്ദ്രമായിരുന്ന പൂവച്ചൽ ഇന്ന് മൺമറഞ്ഞുപോയ നെൽവയലുകളുടെ ശേഷിപ്പ് പേറുന്ന ഒരു

പ്രദേശമായി നിലകൊള്ളുന്നു. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന ഒരു ജനത മറ്റ് ഉപജീവനമാർഗങ്ങൾ തേടിയതോടെ അവരുടെ ജീവിതവും സംസ്കാരവും അതിന്റേതായ മാറ്റങ്ങൾക്ക് വിധേയമായി.

ഇന്ന് പൂവച്ചൽ ജനത നാഗരിക സംസ്കാരത്തിന്റെ സ്വാധീനവും കാർഷിക സംസ്കാരത്തിന്റെ പൈതൃകവും ഉൾക്കൊള്ളുന്ന രീതിയിൽ ആണ് ജീവിക്കുന്നത്. പുതിയ തലമുറ വസ്ത്രധാരണത്തിലും, ഭക്ഷണരീതിയിലും, ആചാരാനുഷ്ഠാനങ്ങളിലും, നാഗരിക ജീവിതത്തെ അനുകരിക്കാൻ ശ്രമിക്കുമ്പോൾ പ്രായമായവർ ഗ്രാമീണ ഭക്ഷണരീതികളും വസ്ത്രധാരണ രീതികളും പിന്തുടരാൻ ശ്രമിക്കുന്നു. മധ്യവയസ്സിൽ ഉള്ളവർ ഈ രണ്ടു രീതികളും ഇടകലർന്ന ഒരു സംസ്കാരം പിന്തുടരുന്നു.

മറ്റേതൊരു കേരളീയ ഗ്രാമത്തെയും പോലെ പൂവച്ചലിലെയും ജനങ്ങൾ വസ്ത്രധാരണ രീതിയിൽ വ്യത്യസ്തത പുലർത്തുന്നു. ഇന്ന് പ്രധാനമായും ഉപയോഗിക്കുന്ന വസ്ത്രങ്ങൾ പുരുഷന്മാർക്ക് പാന്റ്സും ഷർട്ടും, യുവാക്കന്മാർ ഇതോടൊപ്പം ബനിയനും ഷോർട്സും സ്ത്രീകൾക്ക് ചുരിദാർ, സാരി, യുവതികളും കുട്ടികളും ഇതോടൊപ്പം ഫ്രോക്ക്, മിഡി, ലഹങ്ക, ജീൻസ് മുതലായവയും ഉപയോഗിക്കുന്നു.

സമകാലിക പൂവച്ചലിൽ ആഹാരരീതിയിലും വ്യത്യാസം കാണുന്നുണ്ട്. കഞ്ഞി, പുഴുക്ക്, ചോറ്, കറികൾ, മുതലായവയെക്കാളും പുതിയ തലമുറ ഇഷ്ടപ്പെടുന്നത് ന്യൂഡിൽസ്, ബിരിയാണി, ചിക്കൻ, മുതലായ ഫാസ്റ്റ് ഫുഡ് ഇനങ്ങളാണ്. പപ്പായ, പേരയ്ക്ക, ചക്ക, മാങ്ങ, മുതലായവയെക്കാളും റംബൂട്ടാൻ പോലുള്ള പുതിയ തരം പഴവർഗ്ഗങ്ങളോടാണ് ഇന്നത്തെ തലമുറയ്ക്ക് പ്രതിപത്തി.

ഇന്നത്തെ ജനത ഗതാഗതത്തിന് പൊതുവാഹനങ്ങളേക്കാളുപരി സ്വകാര്യ വാഹനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. സ്വന്തമായി ഒരു വാഹനം എങ്കിലും ഇല്ലാത്ത വീടുകൾ അപൂർവമാണ്.

സമകാലിക വിദ്യാഭ്യാസ രീതികളിലും വൻതോതിൽ മാറ്റം സംഭവിച്ചിരിക്കുന്നു. സർക്കാർ മേഖലകളിലും സ്വകാര്യ മേഖലകളിലും ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്ന്

ഓൺലൈൻ വിദ്യാഭ്യാസത്തിൽ വലിയ മുന്നേറ്റമാണ് പൂവച്ചലിൽ കാണുന്നത്. പൊതുമേഖലാ സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ ഉറപ്പാക്കുകയും കോവിഡ് കാല വെല്ലുവിളികൾ ക്കിടയിലും കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുന്നതിൽ പൂവച്ചലിന്റെ സ്ഥാനം മുന്നിലാണ്.

## കൃഷി

പൂവച്ചലിന്റെ ഭൂരിഭാഗ പ്രദേശങ്ങളും കാർഷിക മേഖലകൾ ആയിരുന്നു. ഇവിടെയുള്ള ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ആയിരുന്നു. പൂവച്ചൽ ഇന്ത്യയെ താഴ്ന്ന പ്രദേശങ്ങൾ നെൽ കൃഷിക്കും മറ്റ് പ്രദേശങ്ങൾ വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ, മുതലായവയുടെ കൃഷിക്കും പ്രശസ്തമായിരുന്നു. എന്നാൽ കേരളത്തിന്റെ മാറിയ കാർഷിക സംസ്കൃതി പൂവച്ചലിലും പ്രകടമാണ്. ഇന്ന് പൂവച്ചലിന്റെ ഭൂരിഭാഗ പ്രദേശങ്ങളും റബ്ബർ തോട്ടങ്ങളും, നിർമ്മാണ മേഖലകളുമായി മാറിയിരിക്കുന്നു.
കൃഷിയുടെ ചരിത്രം

കുറിഞ്ചി മുല്ല മരുത തിണകൾ, കൂടിച്ചേർന്ന് പൂവച്ചലിലും തനതായ ഒരു കാർഷികസംസ്കാരം ഉയർന്നു വന്നു. അയൽ നാടുകളുടെ സ്വാധീനവും ഇതിലുണ്ട്. എങ്കിലും കൃഷി ചരിത്രത്തിൽ ഈ നാടിനും ഒരു നടവഴി ഉണ്ട്.

### നെല്ല്

നെൽകൃഷിയുടെ കാലപ്പഴക്കം ഗണന സാധ്യമല്ലെങ്കിലും പൂവച്ചലിലെ നെൽകൃഷിക്ക് ദ്രാവിഡ സംസ്കാരത്തോളം തന്നെ പഴക്കമുണ്ട്. ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത കുറവ് കൃഷിയിലേക്ക് മനുഷ്യരുടെ ശ്രദ്ധ തിരിച്ചിരിക്കാം. ജനസാന്ദ്രത വർധനവിനു വിധേയമായി കൃഷി വികാസവും പ്രാപിച്ചു. നെൽ കൃഷിയുടെ തുടക്കം കരനെല്ലിൽ നിന്നാണ് എന്നാണ് നിഗമനം. പൂവച്ചൽ മേഖലയിൽ അടുത്തകാലംവരെ വയൽ കൃഷിക്കൊപ്പം കരനെൽകൃഷിയും നിലനിന്നിരുന്നു. തനി വിളയായും ഇടവിളയായും കരനെല്ല് കൃഷി ചെയ്തിരുന്നു. പൂവച്ചലിലെ

ചതുപ്പുകളായ സ്ഥലങ്ങൾ മുഴുവൻ പാടങ്ങൾ ആയിമാറി. ചെറുതും വലുതുമായ നിരവധി പാടങ്ങൾ രൂപംകൊണ്ടു. വയലുകൾ നിറഞ്ഞ പ്രദേശത്തെ "ഏലായി" എന്നും" കുഴി "എന്നും വിളിച്ചു. ജലസേചനത്തിന് ആറും തോടുമൊന്നുമില്ലാത്ത പ്രദേശങ്ങളിൽ ഏലായി തലയ്ക്കൽ കുളങ്ങൾ നിർമിക്കപ്പെട്ടു. കുളത്തിൽ നിന്ന് വെള്ളം പാടങ്ങളിൽ എത്തിക്കുന്നതിനെ അടയാണികൾ (ചെറിയതോട് )നിർമ്മിച്ചി രുന്നു. കുളത്തിലെ വെള്ളം അടയാണിയിലേക്ക് തുറക്കുന്ന തുമ്പിനെ "പുലികണ്ണ്" എന്നാണ് വിളിച്ചിരുന്നത്.

ഭൂപ്രകൃതി, കാലാവസ്ഥ, സംസ്കാരം, എന്നിവയുമായി സമന്വയിപ്പിച്ച ഒരു തനതായ കാർഷികസംസ്കാരം പൂവച്ചലിന് സ്വന്തമായിട്ടുണ്ടായിരുന്നു. വിത്ത് ശേഖരണം മുതൽ കൊയ്ത്തു വരെ സൂക്ഷ്മവും നിരന്തരവുമായ ശ്രദ്ധ ചെലുത്തിയിരുന്നു.

കാർഷിക പ്രധാനമായ കാട്ടാക്കട താലൂക്ക് പ്രദേശത്തിന് പട്ടിണി ജീവനെടുത്ത കറുത്ത കാലഘട്ടത്തെയും അതി ജീവിക്കേണ്ടി വന്നിട്ടുണ്ട്. 1840, 1861, 194050, കാലഘട്ടങ്ങളിൽ ഈ പ്രദേശം കടുത്ത ഭക്ഷ്യ ക്ഷാമത്തിന്റെ പിടിയിലമർന്നു. വാഴമാണം പോലും പുഴുങ്ങി കഴിച്ച് ജീവൻ നിലനിർത്തേണ്ടി വന്നു എന്നാണ് കേട്ടറിവ്.

## മരച്ചീനി

കപ്പ എന്നറിയപ്പെടുന്ന മരിച്ചീനി ഒരുകാലത്ത് മലയോര ഗ്രാമങ്ങളുടെ വിശപ്പ് അകറ്റിയ ഭക്ഷ്യവിളയാണ്. നെല്ല് കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം നേടിയ കൃഷി പതിനേഴാം നൂറ്റാണ്ടു മുതൽ മരിച്ചീനി കൃഷി വ്യാപകമായി. വിശാഖം തിരുനാൾ മഹാരാജാവാണ് തിരുവിതാംകൂറിൽ മരച്ചീനി കൃഷി കൊണ്ടുവന്നത്. കലിയൻ, കറുത്ത കലിയൻ, വെള്ള പിരിയൻ, മണ്ട ചുവപ്പൻ, കരിമുറവൻ, ആനക്കൊമ്പൻ, അടുക്കു മുട്ടൻ, നൂറു മുട്ടാൻ, കൈയ്യാല ചാടി, കോവിൽ വെള്ള, തുടങ്ങിയ ഇനങ്ങളാണ് ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത്. കൃഷി പണിക്കാരുടെ ഇളം പകൽ (രാവിലെ 10:00 മണി)ഭക്ഷണത്തിൽ പ്രാധാന്യം മരിച്ചീനി ആയിരുന്നു. പൂവച്ചലിലെ വിശിഷ്ട മരിച്ചീനി വിഭവമാണ് കട്ടപ്പം. തൊലി നീക്കി നുറിച്ചെടുക്കുന്ന മരിച്ചിനി വെള്ളത്തിൽ കഴുകുമ്പോൾ അടിയുന്ന കട്ട്

സംഭരിച്ചു വെച്ച് ഉപ്പും തേങ്ങയും ചേർത്ത് ദോശ പോലെ ചുട്ടെടുക്കുന്നതാണ് കട്ടപ്പം.

## വാഴ

മുമ്പ് വാഴകൃഷി ഒരു ഇടവിള മാത്രമായിരുന്നു. അക്കാലത്ത് കര കൃഷിയുടെ കൂട്ടത്തിൽ മാത്രമാണ് വാഴയെ ഉൾപ്പെടുത്തിയിരുന്നത്. കപ്പ(ചെങ്കദളി ), ഏത്തൻ ( നേന്ത്രൻ ), ചിങ്ങൻ, കതളി, രസകദളി ( മധുരണ്ണാൻ),പൂങ്കോണി, കൂമ്പില്ലാൻ, പാളയൻ തോടൻ, മൊന്തൻ, ഒറ്റമൂങ്കി, പടറ്റി, വിള നിരങ്ങി, തോട്ടണ്ണാൻ എന്നിവയൊക്കെ ആയിരുന്നു പ്രധാന ഇനങ്ങൾ. ഇതിൽ കപ്പ വാഴക്കയായിരുന്നു ഏറെ പ്രധാനം.

കടുത്ത ഭക്ഷ്യക്ഷാമം നിലനിന്നിരുന്ന കാലത്ത് വാഴ കൂമ്പും, വാഴമാണവും, ഉപ്പു ചേർത്ത് പുഴുങ്ങി കഴിച്ച് വിശപ്പടക്കിയിരുന്നതായി നാട്ടറിവ് ഉണ്ട് . കൃഷിക്ക് വാഴക്കന്നാണ് (വാഴതൈ) നട്ടുപിടിപ്പിക്കുന്നത്. വാഴകൾക്ക് ഉണ്ടാകുന്ന പ്രധാന രോഗം കൂമ്പടപ്പ് ആണ് ഇതിനെ " നാക്കിറങ്ങുക " എന്ന് പറയും. ഒറ്റയിലയും നെടിയ ഇലയും (മുഴുവനില ) വീട്ടിനുള്ളിൽ കൊണ്ട് കയറരുത് എന്ന ഒരു വിശ്വാസം നിലവിലുണ്ട്.
ഇടവിളകൾ

പൂവച്ചൽ താലൂക്കിൽ വാണിജ്യാടിസ്ഥാനത്തിൽ ചെറുതരം കൃഷികൾ ആരംഭിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിനു ശേഷമാണ്. അതിനു മുമ്പ് ചേന,ചേമ്പ്, കാച്ചിൽ,എന്നിവയൊക്കെ അവരവരുടെ ആവശ്യത്തിന് മാത്രമാണ് കൃഷി ചെയ്തിരുന്നത്. മാത്രമല്ല സാധാരണ ഉപയോഗിച്ചിരുന്ന തരു ഫലങ്ങളും തരുന്ന സസ്യങ്ങളെ നട്ടു വളർത്തിയിരുന്നുമില്ല. തനിയെ വളർന്നവയെ നിലനിർത്തുകയും ആദായം എടുക്കുകയും ആയിരുന്നു പതിവ്.പ്ലാവ്, മാവ്, പുളി,കശുമാവ്, കൈതച്ചക്ക,പപ്പായ എന്നിവ ഈ വിഭാഗത്തിൽ പെടും.

പൂവച്ചലിലെ തെക്ക്-പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഒരു കാലത്ത് ശേഖരമായി കരിമ്പനകൾ ഉണ്ടായിരുന്നു. പനവിഭവങ്ങളായകള്ളും

അക്കാനിയും മാത്രമല്ല കരിപ്പെട്ടിയും  വട്ടിയും കടവും പായുമൊക്കെ ഏറെക്കാലം വലിയൊരു വിഭാഗത്തിന്റെ അല്ലലകറ്റിയിരുന്നു. പൂവച്ചലിലെ വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ച ആദ്യ കൃഷി നല്ല മുളക് (കുരുമുളക്) പതിനഞ്ചാം നൂറ്റാണ്ടുമുതൽ കുരുമുളകും ഇഞ്ചിയും ഇവിടെനിന്ന് കൊല്ലം തുറമുഖം വഴി കടൽ കടന്നിരുന്നു.

കരിയപ്പില (കറിവേപ്പില ),മുരിങ്ങ, നാരകം, എന്നിവ നട്ടു വളർത്തിയിരുന്നു. മാതളനാരകം,വള്ളി നാരകം, ഇരുമ്പിച്ചി (ചെറുനാരങ്ങ ),നാരകം എന്നിവയാണ് പ്രധാന നാരകയിനങ്ങൾ. വള്ളിപ്പയറും,ചതുരപ്പയറും,വാളൻ പയറും,കുപ്പകീരയും (ചീര), ചുവല ചീരയും,  അറക്കീരയും,വെള്ളരി, പടവലം, വെണ്ട, വഴുതലം (വഴുതന), കുമ്പളം, പച്ചമുളക് എന്നിവയൊക്കെ സ്വന്തം ആവശ്യത്തിന് മാത്രമാണ്  ഓരോ വീട്ടുകാരും നട്ടുവളർത്തി ഇരുന്നത്.

അടക്കയും വെറ്റിലയും

ഒരുകാലത്ത് പൂവച്ചൽ ആൺ പെൺ വ്യത്യാസമില്ലാതെ ചവർണസുഖത്തിൽ അടിമപ്പെട്ടിരുന്നു. വെറ്റില, കമുക്,കൃഷികൾ വൻതോതിൽ പോഷിപ്പിക്കാൻ ഈ ശീലം കാരണവുമായി. ഇടവിളയായും, തനി വിളയായും കമുക് കൃഷി ചെയ്തിരുന്നു. അടയ്ക്കയെ പാക്ക്   എന്നാണിവിടെ അറിയപ്പെട്ടിരുന്നത്.

വലിയ പാളയിൽ ആണ് കുഞ്ഞുങ്ങളെ കിടത്തി കുളിപ്പിച്ചിരുന്നത്. കീറിയെടുത്ത കമുകിൻ തടിയാണ് "വരിച്ചിൽ." വീട് നിർമ്മിക്കാനും അമ്പലങ്ങളിൽ താൽക്കാലിക കൊടിമരത്തിനും കമുകിൻ തടി ഉപയോഗിച്ചിരുന്നു. കുരുമുളകിന് താങ്ങു മരമായും കമുകുകളെ പ്രയോജനപ്പെടുത്തിയിരു ന്നു.വളരെ മാന്യമായ സ്ഥാനം നൽകിയിരുന്നു എങ്കിലും പാക്കിന്റെ തൊട് മുറ്റത്തും മറ്റും ഉപേക്ഷിക്കുന്നത് അശ്രീകരമായാണ് കണ്ടിരുന്നത്.

കാപ്പി

എന്നാൽ പഴയ പ്രതാപം പേറി ചിലയിടങ്ങളിലെങ്കിലും സ്ഥലപ്പേരിൽ "കാപ്പി" ഉണ്ട്. കാപ്പികാട്ടും,കാപ്പിവിളയുമൊക്കെ ഉദാഹരണം.

## റബ്ബർ

1873 ൽ റബ്ബർ ഇന്ത്യയിലെത്തി. വാണിജ്യാടിസ്ഥാനത്തിൽ റബ്ബർ കൃഷി കേരളത്തിൽ ആരംഭിക്കുന്നത് 1902 ൽ തട്ടേക്കാട്ടാണ്.ഇന്ന് കാട്ടാക്കട താലൂക്കിലെ റബ്ബർ കൃഷി ഇല്ലാത്ത ഒരു വില്ലേജ് പോലും അവശേഷിക്കുന്നില്ല. സമൃദ്ധിയുടെ നറുംപാൽ ചുരത്തിയ റബ്ബറിൽ മറ്റ കൃഷികൾ പലതും മുങ്ങിപ്പോയി.

## വളർത്തുമൃഗങ്ങൾ

ഒരു കാലത്ത് പൂവച്ചലിലെ വളർത്തുമൃഗങ്ങളിൽ ഒന്നായിരുന്നു മ്ലാവ്.ഇന്ന് വന്യജീവി പട്ടികയിലാണ്. 1940 വരെ കള്ളിക്കാട് ആര്യങ്കോട് പ്രദേശങ്ങളിൽ വയൽ ഉഴവിനു മ്ലാവുകളെ ഉപയോഗിച്ചിരുന്നു.മിക്ക പുരാതന വീടുകളിലും മ്ലാവിൻകൊമ്പിൽ തീർത്ത അലങ്കാരങ്ങൾ പൂമുഹങ്ങളിൽ കാണാം.

## പ്രാദേശിക ഭക്ഷണ രീതികൾ

വ്യത്യസ്ത ജാതി മത സംസ്കാരങ്ങളും ഉച്ചനീചത്വവും പരദേശബന്ധവും കുടിയേറ്റവും ഒക്കെ പൂവച്ചലിനു സമ്മാനിച്ചത് സമ്മിശ്രമായ ഒരു ഭക്ഷണ സംസ്കാരം ആണ്. അന്നും ഇന്നും അരി തന്നെയാണ് മുഖ്യാഹാരം. അടുത്തകാലം വരെയും ഭൂരിഭാഗം മൂന്നുനേരവും അരിയാഹാരം ആണ് ഭക്ഷിച്ചിരുന്നത്. സാധാരണക്കാർ കഞ്ഞി കുടിച്ചു വിശപ്പടക്കിയ ഇരുന്നു. അന്നദാന ചടങ്ങുകളിൽ പോലും കഞ്ഞി വീഴ്ത്തായിരിന്നു പതിവ്. ദരിദ്രന് കഞ്ഞി മതിയെന്നായിരുന്നു സമ്പന്നരുടെ മനോഭാവം. പൂവച്ചലിലെ തദ്ദേശീയർക്ക് ചമ്പാവുചോറിനോടായിരുന്നു പ്രിയം.

ചക്കയുടെ പ്രാധാന്യം സംഘകാലം മുതൽ കാണാം. ചക്കയുടെ പുറം തൊലി ഒഴികെ മറ്റെല്ലാം ഉപയോഗപ്രദമാണ്. കടൽമത്സ്യത്തോടാണ് പ്രിയം,ശുദ്ധജല മത്സ്യം തീരെ ലഭ്യവുമല്ല. നിത്യജീവിതത്തിൽ ചായ കടന്നുവന്നത് അടുത്ത കാലത്തായിരുന്നു. അതിനുമുമ്പ് കരിപ്പട്ടി കാപ്പി ആണ് മുഖ്യം. പാലിന് പശുവിനെ മാത്രമാണ് ആശ്രയിച്ചിരുന്നത്. ആട്ടിൻപാൽ ബഹുഭൂരിപക്ഷവും ഉപയോഗിച്ചിരുന്നില്ല.

ജാതിഭേദമില്ലാതെ മിശ്രുഭുക്കുകൾ ഒരുകാലത്ത് നത്ത് ഇറച്ചി ഭക്ഷിച്ചിരുന്നു. ഇറച്ചിക്കായി കോഴി,ആട്, പശു,കാള എന്നിവ വളർത്തിയിരുന്നു.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

പ്രാചീന സമൂഹത്തിൽ നിലനിന്നിരുന്ന കലാരൂപങ്ങൾ പൊതുവേ അവരുടെ ആചാര സവിശേഷതകളോടും അനുഷ്ഠാനങ്ങളോടും ബന്ധപ്പെട്ടിരുന്നു. പൂവച്ചലിനും തനതായ ഒരു നാടോടി സംസ്കാരമുണ്ട്. കൈമറിഞ്ഞ്കിട്ടിയ പരമ്പരാഗത സംസ്കാരം ഈ മണ്ണിൽ എങ്ങനെ വേരുറപ്പിച്ചു എന്നറിയുമ്പോഴാണ് പൈതൃകത്തിന്റെ യഥാർത്ഥ രൂപം തെളിയുന്നത്.

### താലപ്പൊലി

ഭദ്രകാളി ക്ഷേത്രങ്ങളിൽ പെൺകുട്ടികൾക്കു മാത്രമായി നടത്തുന്ന അനുഷ്ഠാനമാണ് ഇത്. എട്ടു വയസ്സുവരെ പ്രായമുള്ള കുട്ടികളെ മാത്രമേ ഉൾപ്പെടുത്താറുള്ളു. ബാലികമാർ വ്രതശുദ്ധിയോടെ ചമയങ്ങളിട്ട് വിളക്കും നിറതാലവുമേന്തി  ആറാട്ടു കഴിഞ്ഞെത്തുന്ന ദേവിയെ സ്വീകരിക്കുന്നതാണ് ചടങ്ങ്.താലത്തിൽ അവിൽ, പൊരി,മലർ,പഴം, കരിക്ക്, കാമുകിൻ പൂക്കുല  എന്നിവവയ്ക്കും. ചമയത്തിന് മുൻ കാലങ്ങളിൽ ധാരാളമായി കൊഴുന്ന് ഉപയോഗിച്ചിരുന്നു .

### പറണേറ്റ്

കാളിയും ദാരികനുമായുള്ള ആകാശ പോരാണ് പറണേറ്റ്.ക്ഷേത്രവളപ്പിൽ തെങ്ങിൻ തടിയിൽ കാളിയ്ക്കും, കമുകിൻ തടിയിൽ ദാരികനും പറണ് തയ്യാറാക്കിയാണ് ഈ അനുഷ്ഠാനം. പറണിലെ ആകാശയാത്രയ്ക്കിടയൽ കാളി-ദാരികനെ കണ്ടെത്തും. തുടർന്ന് ഇരുക്കൂട്ടരും പോര് വിളിക്കും. ഇതിനെ "പറണിൽ തോറ്റം "എന്നു പറയും.പറണേറ്റിനോടുവിൽ ദേവീ ശീലം ചൂണ്ടി  ദാരികനെ

പോരിനു വിളിക്കുന്നു. അടുത്തനാൾ നിലത്തിലാണ് പോര്. ദേവി ശൂലം കൊണ്ടും ദാരികൻ വാളുകൊണ്ടു യുദ്ധം ചെയ്യുന്നു.നിലത്തിൽ പോരിൽ ഏഴു പോരുണ്ട്. ഓരോ പോരിലും ദേവി ഓരോ ആയുധമാണ് ഉപയോഗിക്കുന്നത്.അഗ്രം വളഞ്ഞ വാൾ കൊണ്ട് ദേവി ദാരികന്റെ തലയറുക്കുന്നത്തോടെ പോര് അവസാനിക്കുന്നു. വധത്തിനു ശേഷവും കോപം ശമിക്കാതെ ആക്രോശിച്ച ദേവിയെ ശിവലിംഗം കാട്ടി ശാന്തയാക്കി പീഠത്തിൽ ഇരുത്തും. ഈ ഭാവത്തിൽ ദേവിയെ കാണുന്നത് പുണ്യം എന്നാണ് വിശ്വാസം.

## തുമ്പിതുള്ളൽ

ഓണക്കാലത്തും തിരുവാതിരയ്ക്കും പെൺകുട്ടികൾ നടത്തിയിരുന്ന വിനോദ കലയാണ് തുമ്പിതുള്ളൽ. ഒരു പെൺകുട്ടിയെ നടുവിലിരുത്തി മറ്റുള്ളവർ വട്ടം കൂടുന്നു. പാട്ടിന്റെ താളം മുറുകുമ്പോൾ നടുവിലിരിക്കുന്ന പെൺകുട്ടി ഉറഞ്ഞുതുള്ളും.അവൾ തുമ്പി എന്നാണ് സങ്കൽപ്പം. തുമ്പിതുള്ളലിനായി നിരവധി പാട്ടുകളുണ്ട്.

## മണ്ഡല കാലവും ഭജനയും

വൃശ്ചികം ഒന്നുമുതൽ ധനു 11 വരെയുള്ള 41 ദിവസമാണ് മണ്ഡലകാലം. ഏതെങ്കിലും ഗ്രാമക്ഷേത്രം കേന്ദ്രീകരിച്ച് മണ്ഡലചിറപ്പോടെ മണ്ഡലകാല ഭജന തുടങ്ങും.ക്ഷേത്രം ഇല്ലാത്ത സ്ഥലങ്ങളിൽ പച്ചപന്തലിട്ട് പടം വച്ച് ചിറപ്പ് തുടങ്ങും. വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ കീർത്തനങ്ങൾ ഭജനയിൽ പാടും. സന്ധ്യക്ക് ദീപാരാധന കഴിഞ്ഞാൽ ഭജനസംഘം കരയിലെ ഓരോ വീട്ടിലും ഭജന പാടാൻ എത്തും. നിലവിളക്ക് വച്ച് ഭജനക്കാരെ വീട്ടുകാർ സ്വീകരിക്കും.ചില വീടുകളിൽ കുരുത്തോലയും കൊണ്ട് അലങ്കരിച്ച സ്ഥിരം വിളക്കുകളും ഒരുക്കി വയ്ക്കും. ഭജനക്കാർക്ക് വീടുകളിൽ നിന്നും ലഘു ഭക്ഷണം നൽകുന്ന പതിവുണ്ട്.

## തൃക്കാർത്തിക

തൃക്കാർത്തിക ആഘോഷത്തിനും ഇവിടെ നല്ല പ്രാധാന്യമുണ്ട്. വൃശ്ചികമാസത്തിലെ കാർത്തിക നാളിലാണ്

ആഘോഷം.സുബ്രഹ്മണ്യന്റെ ജന്മനക്ഷത്ര നാളെന്നതാണ് ഈ ദിവസത്തിന്റെ പ്രത്യേകത. സന്ധ്യയ്ക്ക് ദീപം തെളിയിക്കുന്നതാണ് പ്രധാന ചടങ്ങ്.

## കർക്കിടക വായന

കർക്കിടകത്തിലെ രാമായണവായന പൂവച്ചലിലെ പ്രധാന ആചാരങ്ങളിൽ ഒന്നായിരുന്നു. എല്ലാ ഹൈന്ദവ വീടുകളിലും മാസം മുഴുവൻ വായന നിർബന്ധമായിരുന്നു.

## കർക്കിടവാവ്

ഹൈന്ദവർ അന്നും ഇന്നും കർക്കിടകവാവിന് വലിയ പ്രാധാന്യം നൽകുന്നു. പിതൃതർപ്പണ ചടങ്ങിൽ പങ്കാളിയാവാത്ത കുടുംബങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. നെയ്യാറും കരമനയാറും അവയുടെ കൈവഴികളും ഒക്കെ ആ ദിവസം ബലിതർപ്പണ കേന്ദ്രങ്ങളായി മാറും. ഇവിടെ കുടുംബത്തിലെ മൂത്ത ആൺ സന്തതി മാത്രമാണ് ബലിയർപ്പിച്ചിരുന്നത്. അടുത്തകാലത്താണ് സ്ത്രീകളും മറ്റാൺ സന്തതികളും ബലി തർപ്പണത്തിൽ ഏർപ്പെടാൻ തുടങ്ങിയത്. തർപ്പണ ചടങ്ങിന് പ്രത്യേക കർമ്മികരും പതിവുണ്ടായിരുന്നില്ല. അവരവർ സ്വയം ബലിച്ചോറ് തയ്യാറാക്കി ക്രിയ നടത്തുകയായിരുന്നു പതിവ്. ബലിക്കാരം തലേന്നാൾ വ്രതമനുഷ്ഠിക്കും.ഈ ചടങ്ങിന് ഒരിക്കൽ എന്ന് പറയും.

## ആണ്ടറുതിയും ചിങ്ങം ഒന്നും

ആണ്ടറുതിയ്ക്കു "ആടി" കളഞ്ഞാണ് ചിങ്ങത്തെ വരവേൽക്കുന്നത്. കർക്കിടക മാസത്തിലെ അവസാന ദിവസമാണ് ആണ്ടറുതി.ആണ്ടറുതിയ്ക്കു
"ആടി അറുതി "എന്നും പറയും.കർക്കിടകത്തിന്റെ തമിഴാണ് ആടി.വടക്കോട്ട് ആണ്ടറുതിയെ 'സംക്രാന്തി' എന്നും വിളിക്കും. വീടും പരിസരവും വൃത്തിയാക്കി തന്നാണ്ടിലെ മാലിന്യം എല്ലാം നീക്കി പുതുവർഷത്തെ വരവേൽക്കുന്നതാണ് ചടങ്ങ്.

## ജനജീവിതം

നൂറ്റാണ്ടുകളിലൂടെ കടന്നുവന്ന മനുഷ്യജീവിതത്തിന്റെ വൈവിധ്യമാർന്ന സവിശേഷതകൾ അറിഞ്ഞുവയ്ക്കേണ്ടത് സാംസ്കാരിക ചരിത്രപഠനത്തിന് അനിവാര്യമാണ്.

### ഭാഷ

സാംസ്കാരിക പഠനത്തിൽ ഭാഷയ്ക്ക് ഉയർന്ന സ്ഥാനമാണുള്ളത്. സംസ്കാരത്തിന്റെ ഏറ്റക്കുറച്ചിലുകൾ ഭാഷാ പ്രയോഗത്തിൽ തീർച്ചയായും പ്രതിഫലിക്കും. എല്ലാ ഭാഷയിലും ഇതര ഭാഷകളുടെ അടയാളം പതിഞ്ഞിട്ടുണ്ടാകും. ബ്രാഹ്മണരുടെ ഒഴിഞ്ഞുപോക്കും കീഴാളരുടെ വർദ്ധിച്ച കുടിയേറ്റവും തന്നെയാണ് തെക്കിന്റെ ഭാഷാശൈലി മാറ്റിമറിച്ചത്.

എക്ക് (എനിക്ക് ), ആവി (പ്രാണൻ ), ഇളമ്പറ (ചന്ദ്രക്കല ), മീതി (മിച്ചം,മുകളിൽ ), നിറവ് (തികവ് ), വനം ( കാട്), വെക്ക (ചൂട് ), വരുത്തം ( പ്രയാസം ), വർക്കത്ത് ( ശ്രീത്വം ), യശ ( വിടവ് ), ഒതോല് (പുല്ല് ) പനാറ്റുക (പിറുപിറുക്കുക ), വേഷം (നന്നായി ), എന്നിങ്ങനെ ഒട്ടേറെ പദങ്ങൾ തെക്കൻ മലയാളത്തിലുണ്ട്. കരമനയാറിന്റെ തീരത്ത് ഇപ്പോഴും ഉപയോഗത്തിലുള്ള പല വാക്കുകളും നെയ്യാർ തീരത്ത് പ്രയോഗത്തിലില്ല. അർഥം മാറിയ വാക്കുകളും അർത്ഥം മാറിയിട്ടും പ്രയോഗരീതി മാറ്റാത്ത വാക്കുകളും പൂവച്ചലിന്റെ വാമൊഴിവഴക്കത്തിൽ കാണാം. (ഒരുപാട് ), എന്ന വാക്ക് പണ്ട് ( ഒരു ഭാഗത്ത് ) എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്.

ഇപ്പോഴതിന് ( ധാരാളം) എന്നാണർത്ഥം. എന്നാൽ പൂവച്ചലിൽ
ഇപ്പോഴും പാടിന്റെ ഭാഗമെന്നർത്ഥം കൽപ്പിക്കുന്നുണ്ട്.
( 'ഞാൻ  എന്റെ പാട്ടിന് പോകട്ടെ ') എന്ന് പറയുന്നവർ ഒരുപാടുണ്ട്.
വൈവിധ്യമായ
ഭാഷാഭേദമാണ് പൂവച്ചലിലെ അധിനി വേശക്കാർ സൃഷ്ടിച്ചത്.

## വേഷ ഭൂഷണം

നൂൽനൂൽപ്പും,വസ്ത്ര നിർമ്മാണവും, ഒരുകാലത്ത് ചാലിയൻ
മാരുടെ മാത്രം അവകാശം ആയിരുന്നു. അരയ്ക്കു മുകളിൽ ശരീരം
മറയ്ക്കുന്ന ശീലം നായർ പുരുഷന്മാർക്ക് ഇല്ല. സ്വന്തം ഗൃഹങ്ങളിൽ
സ്ത്രീകളും ഈ സ്ഥിതി തന്നെ പിന്തുടർന്നിരുന്നു. പുറം യാത്രയിൽ
കസവുമുണ്ട്, നേരിയത്, ഇവയിലേതെങ്കിലും കൊണ്ട് മാറും മറക്കും.
സ്ത്രീകൾ കട്ടി മുണ്ടാണ് ധരിച്ചിരുന്നത്. പുരുഷന്മാർ
അടിവസ്ത്രമായ് കൗപീസം ധരിച്ചിരുന്നു. സ്ത്രീകൾ തറ്റുടുക്കുന്ന
സമ്പ്രദായവും നിലനിന്നിരുന്നു. ദരിദ്രർ ആണായാലും പെണ്ണായാലും
അരയ്ക്കു മുകളിൽ വസ്ത്രം ധരിച്ചിരുന്നില്ല. മുസ്‌ലിം പുരുഷന്മാരും അര
വസ്ത്രം
ധരിക്കുന്നവരായിരുന്നു. നിറം പിടിച്ച വസ്ത്രങ്ങളോട് അവർക്ക് കൂടുതൽ
പ്രിയമുണ്ടായിരുന്നു. മുസ്ലിം സ്ത്രീകൾ മേൽമുണ്ട് ധരിച്ചിരുന്നു. നമ്പൂതിരി
സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ചേല പുതപ്പുകൊണ്ട് ശരീരവും
മനകുടകൊണ്ട് മുഖവും മറക്കും . കാണിക്കാറില്ല പുരുഷൻ മുൻതാറും സ്ത്രീ
മുട്ടിനുമുകളിൽ ഒറ്റമുണ്ടും ധരിക്കുക ആയിരുന്നു പതിവ്.
പുറത്തിറങ്ങുമ്പോൾ കറുത്ത കര നേരിയത് കൊണ്ട് മാറും മറക്കും.1808
ൽ ബാലരാമപുരത്ത് ചാലിയ ഗ്രാമം സ്ഥാപിച്ചതോടെ പൂവച്ചലിന്റെ
വസ്ത്രവിപണി ആയി ബാലരാമപുരം മാറി.

1900 ന ശേഷമാണ് വസ്ത്രധാരണരീതിയിൽ വലിയ പരിഷ്കാരങ്ങൾ
വന്നു തുടങ്ങിയത്. പുരുഷന്മാരുടെ മേൽമുണ്ട് ചട്ടയും ഉടുതുണിക്കു
ജൂബയും വഴിമാറി ഒടുവിൽ ഷർട്ടിലും
കോട്ടിലും എത്തി. മേൽ മുണ്ടിൽ നിന്നും റൗക്ക വഴിയുള്ള
സ്ത്രീവേശത്തിന്റെ പരിഷ്കാരങ്ങൾക്ക് ആയിരുന്നു വേഗത കൂടുതൽ.1950
കളിൽ വസ്ത്രധാരണത്തിൽ ഫാഷൻ തരംഗങ്ങൾ എത്തി.

## ഭക്ഷണം

വ്യത്യസ്ത ജാതി മത സംസ്കാരങ്ങളും, ഉച്ചനീചത്വവും, പരദേശ ബന്ധവും, കുടിയേറ്റവും ഒക്കെ പൂവച്ചലിനു സമ്മാനിച്ചത് സമ്മിശ്രമായ ഒരു ഭക്ഷണ സംസ്കാരമാണ്. അന്നും ഇന്നും അരി തന്നെയാണ് മുഖ്യ ആഹാരം.

## കൈത്തൊഴിലുകൾ

### 1. നൂൽനൂൽപ്പ്

നാരുകളെ വലിച്ചുനീട്ടി പരസ്പരം ദൃഢമായി ബന്ധിപ്പിച്ച് പിരിച്ച് നൂൽ ആക്കി മാറ്റുന്ന പ്രക്രിയയാണിത്. നീള കുറവുള്ള നാരുകൾ കൊണ്ട് വസ്ത്രം ഉണ്ടാക്കുന്നതിന് ഈ പ്രക്രിയ അത്യന്താപേക്ഷിതമാണ്. നൂൽ കാനായി മധ്യകാലം വരെ ഡിസ്റ്റാഫും ( നൂൽ ചുറ്റുന്ന കോൽ ) സ്പിൻഡിലും (നൂൽ പിരിക്കുന്നതിനുള്ള ഉപകരണം) ആണ് ഉപയോഗിച്ചിരുന്നത്.

### 2. തയ്യൽ

തയ്യൽ യന്ത്രങ്ങൾ തയ്യൽ എന്ന് വിളിക്കപ്പെടുന്ന സാധാരണയായി രണ്ടു നൂലുകൾ കൊണ്ടുള്ള പലപ്പോഴും ഒന്നോ രണ്ടോ നാലോ നൂലുകൾ കൊണ്ട് ഒരു തയ്യൽ എന്നാണ് വിളിക്കുന്നത്. തുണികൾ എത്തിക്കുവാനുള്ള ഒരു കൃതിമകരം ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞകാലത്ത് ധാരാളം ശ്രമങ്ങൾ നടന്നു. തയ്യലിനെ പരസ്പരം കൂട്ടിയോജിപ്പിക്കാൻ ആകുന്ന യന്ത്രത്തിന്റെ കണ്ടുപിടുത്തം തുടക്കമായിരുന്നു.

## 3. അലക്ക്

മണ്ണാർ എന്ന ജാതി വിഭാഗത്തിൽ പെട്ട ആൾക്കാരാണ് കൂടുതലായും അലക്ക് ജോലി ചെയ്യുന്നത്. അവർ വീടുവീടാന്തരം കയറിയിറങ്ങി അലയേണ്ട വസ്ത്രങ്ങൾ ശേഖരിച്ച് കാര പൊടിയിൽ വച്ച് വൃത്തിയായി കഴുകി നല്ല വെയിലത്ത് വച്ച് ഉണക്കി ചിരട്ട ചുട്ട തീക്കട്ടയിട്ട് ഇസ്തിരിപ്പെട്ടി ഇട്ട് നന്നായി തേച്ചു മടക്കി വീടുകളിൽ ഏൽപ്പിക്കുന്നു. അവരുടെ ഉപജീവനമാർഗ്ഗം ഇതുതന്നെയായിരുന്നു.

## 4. കൊല്ലപ്പണി

ഇരുമ്പ് കനലിലിട്ടു നന്നായി ചൂടുപിടിപ്പിച്ച് എന്നിട്ട് ആലയിലിട്ട് അടിച്ചു പിച്ചാത്തി, വെട്ടുകത്തി, തുടങ്ങിയ വീട്ടുപകരണങ്ങൾ ഉണ്ടാക്കിയിരുന്നു. കൊല്ലന്മാർ ആണ് കൂടുതലും ഈ തൊഴിൽ ചെയ്തിരുന്നത്.

## 5. തട്ടാൻ

സ്വർണം അടിച്ചു പരത്തി പല രീതിയിലുള്ള ആഭരണങ്ങൾ ഉണ്ടാക്കിയിരുന്നത് തട്ടാൻ മാരായിരുന്നു. തട്ടാൻ എന്ന ജാതിയിൽ പെട്ടവരായിരുന്നു ഈ തൊഴിൽ ചെയ്തിരുന്നത്.

## ഉപസംഹാരം

ഒരു ചെറിയ പ്രദേശത്തിന് പോലും ഒരു വലിയ ചരിത്രം നിലനിൽക്കുന്നു എന്നും അത് ശ്രദ്ധയോടെയുള്ള പഠനങ്ങളിലൂടെയും ആവശ്യകമായ
പരിവേഷണങ്ങളിലൂടെ യും കണ്ടെത്തേണ്ടത് ആണെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നതാണ് നമ്മെ
ഓർമ്മപ്പെടുത്തുന്നതാണ് ഓരോ പ്രാദേശിക ചരിത്ര രചനയും. 'പൂവ്വ' വൃക്ഷത്തിന്റെ ഈ നാട്ടിൽ അറിയപ്പെടുന്നതും എന്നാൽ വേണ്ടത്ര പരിഗണന ലഭിക്കാത്ത തുമായ ചരിത്ര ഏടുകളും കണ്ടെത്തിയിട്ടും

വേണ്ടത്ര പഠനം നടക്കാതെ പോയ ചരിത്രവസ്തുതകളും ഉൾപ്പെടെ ഒരു വലിയ ചരിത്രം സ്വന്തമായുണ്ട്. ഈ പഠനത്തിലൂടെ 'പൂവ്വ ' വൃക്ഷത്തിൽ നിന്നുള്ള സ്ഥലനാമ ചരിത്രവും നാട്ടുകാണിയുടെ ചരിത്രവും ചന്ത സമരം പോലെയുള്ള ചരിത്രസംഭവങ്ങളും വിവിധ ആരാധനാലയങ്ങളുടെ അറിയപ്പെടാത്ത ചരിത്രവും ഉൾപ്പെടെ എന്റെ പ്രദേശത്തിന്റെ ചരിത്ര നിർമ്മിതിയിൽ പൂവച്ചലിനെ പ്രതിയുള്ള അഭിമാനവും ആദരവും വളരുകയും കൂടുതൽ പഠനത്തിന് താല്പര്യം വളരുകയും ചെയ്തു.

**വിവരശേഖരണം**

**<u>പുസ്തകങ്ങൾ</u>**

**കിളിയൂർ അജിത്ത്,കുറുമുനിയുടെ നാട്ടിൽ,തിരുവനന്തപുരം,2015**

**പൂവച്ചൽ പഞ്ചായത്തിന്റെ വികസനരേഖ,2017**

**<u>മാഗസിനുകൾ</u>**

**<u>ഓൺലൈൻ മീഡിയ</u>**

**സ്കൂൾ വിക്കി**

**വിക്കിപീഡിയ**

**വിവിധ വെബ്സൈറ്റുകൾ**

**<u>ഇന്റർവ്യൂ</u>**



**അനുബന്ധം**




ക്രോഡീകരണം

സംഗീത എൽ എം (ക്ലാസ് 10) സനിത എൽ എം(ക്ലാസ് 7)